
വാല്യം 3 ലക്കം 1 വൃശ്ചികം 1173

# താളിയോല

ജപ്പാൻ മലയാളികളുടെ പ്രസിദ്ധീകരണം



❋ മുഖവുര ❋ ചീട്ടുകൊട്ടാരം ❋ കളിയോടം ❋
❋ ഡൈജ്ജൊബു ❋ ഓണത്തപ്പൻ ❋
❋ ഒരു ഓർമ്മക്കുറിപ്പ് ❋ കേരളം - 1997 ❋
❋ ഒരു യാത്രാവിവരണം ❋ അസംബന്ധം ❋

# മുഖവുര

മലയാളം - ഒരു മലയിടുക്കിൽപ്പെട്ടുപോയ തമിഴിൻെറ ഏതോ ഒരു രൂപത്തിൽ ശുദ്ധ സംസ്കൃതവും കടൽ കടന്നുവന്ന പറങ്കി മുളകിൻെറ എരിവും അറബിപ്പാട്ടിൻെറ ഇനിവും കലർന്നുണ്ടായ അവിയൽ! വാമൊഴിയിലും നാടൻ പാട്ടുകളിലും ചിതറിക്കിടന്ന അതിനെ എഴുത്തച്ഛൻ അക്ഷരമാല കൊണ്ട് കോർത്തു കെട്ടിയതിനുശേഷമുള്ള വളർച്ചപെട്ടെന്നായിരുന്നു. ദേവഭാഷയുടെ ഘോഷത്തിനും ചെന്തമിഴിൻെറ പെരുമയ്ക്കും മുൻപിൽ അരക്കവിയായി ഓഛാനിച്ചു നിന്നതിനുശേഷം ആ സംസ്കൃതത്തോടൊപ്പം മണിയും പ്രവാളവുംപോലെ ഒരു നൂലിൽ കോർത്തു കിടന്നതും ഒടുവിൽ ആദ്യത്തെ ജ്ഞാനപീഠം കേറുന്നതുവരെയുമെത്തി അത്. കടൽ കടന്നെത്തിയ പുതിയ ആശയങ്ങളുടെയും ചിന്താരീതികളുടെയും സ്വാധീനത്തിൽ സമൂഹത്തോടും ഭാഷയോടുമൊപ്പം മലയാള സാഹിത്യവും തനതായ ആശയമേഖലകളും സങ്കേതങ്ങളും സ്വീകരിച്ചുകൊണ്ടിരുന്നു.

സമീപ സംസ്കാരങ്ങളുമായുള്ള വ്യത്യാസങ്ങൾ കൂടുതൽ പ്രകടമാവുകയും സ്വന്തമായ സങ്കേതങ്ങൾ വളർത്തിയെടുക്കുകയും ചെയ്യുമ്പോഴാണല്ലോ ഒരു സംസ്കാരം വളരുന്നുവെന്നു പറയുന്നത്. ഇതുകൊണ്ടു തന്നെ, വളരുന്നതോടൊപ്പം ഒരു സംസ്കാരം ഒറ്റപ്പെടുന്നുവെന്നും പറയാറുണ്ട്. ഇങ്ങനെ വേലികെട്ടി വേർതിരിക്കുന്നതോടൊപ്പം മറ്റു സംസ്കാരങ്ങളിലേയ്ക്കുള്ള പാലങ്ങളും വഴികളും പണിയുന്നതും ഇവയുടെ വളർച്ചയ്ക്ക് ആവശ്യമാണ്. നമ്മെപ്പറ്റി അന്യഭാഷകളിലെഴുതുന്ന കൃതികളും തർജ്ജമകളും മറ്റു സാംസ്കാരിക വിനിമയങ്ങളുമാണ് ഈ പാലങ്ങളും വഴികളും എന്നു പറയാം. അരുന്ധതി റോയിയുടെ ചെറു കാര്യങ്ങളുടെ ഈശൻ (The God of small things) എന്ന ഇംഗ്ലീഷ് പുസ്തകത്തിൻെറ വിജയം ഈ വഴിക്കാണ് വിരൽ ചൂണ്ടുന്നത്.

കലാമൂല്യത്തിൻെറ കാര്യത്തിൽ ഇതിനേക്കാളുയർന്ന, മലയാളികളുടെ കഥ പറയുന്ന എത്രയോ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അവയ്ക്കൊന്നും കിട്ടാത്ത സ്വീകരണമാണീകൃതിക്കു കിട്ടിയത്. പുറംലോകത്തുള്ളവർക്ക് വായിച്ചാസ്വദിക്കാവുന്ന നൂതനവും സ്വാഭാവികമായ ആഖ്യാനരീതിയാണ് ഈ പുസ്തകത്തിൻെറ ആകർഷണമെന്ന് പലരും ചൂണ്ടിക്കാണിക്കുന്നു. ഉപഭോക്തൃമെന്ന് അപഹസിക്കപ്പെടാമെങ്കിലും, പല മലയാള കൃതികളുടെയും വിവർത്തനങ്ങളുടെ പരാജയത്തെക്കുറിച്ചോർത്തു നോക്കിയാൽ ഇത് ശരിയാണെന്നു തോന്നിപ്പോകുന്നു.

ചെമ്മീൻ മുതൽ ഖസാക്ക് വരെ പലകൃതികളും വിവർത്തനത്തിൻെറ അഭാവംകൊണ്ടോ പരാജയംകൊണ്ടോ പുറത്തറിയാനിടയാകാതെ വന്നു. ഒ. വി. വിജയൻെറ സ്വന്തം തർജ്ജമകളും ഇതിൽനിന്നു വ്യത്യസ്തമല്ല. വായനക്കാരുടെ മർമ്മമറിഞ്ഞ തർജ്ജമകളും അവയെ ഫലപ്രദമായി "പ്രൊജക്റ്റ്" ചെയ്യുന്ന പ്രസാധക പ്രതിഭകളുമാണ് ഒരു കൃതിയുടെ വിജയമെന്ന ലളിതമായ സത്യമാണ് നാം മനസ്സിലാക്കുന്നത്.

ഇന്ത്യൻസംസ്കാരമെന്ന അമൂർത്തമായ ആശയത്തിൻെറ തണലിൽ കഴിഞ്ഞുവരുന്ന പ്രാദേശിക സംസ്കാരങ്ങൾക്ക് ചിലപ്പോൾ ആ തണൽ ഒരു നിഴലായും തീരുന്നുവെന്ന് തോന്നുന്നു. സ്വയം ചെറുതെന്നും അപ്രധാനമെന്നുമുള്ള ഒരു തരം അപകർഷതാബോധം ഈ നിഴലിൻെറ സന്തതിയായി നമുക്കു കിട്ടിയിട്ടുണ്ട്. വിസ്തൃതിയിലും ജനസംഖ്യയിലും കേരളത്തേക്കാളെത്രയോ ചെറിയ രാജ്യങ്ങൾ (ഉദാ: ചെക്ക്) വിശ്വസാഹിത്യത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ടെന്നതോർക്കേണ്ടതാണ്. ഇവയുടെ വിജയ രഹസ്യവും ഫല പ്രദമായ വിവർത്തനവും അവതരണവുമാണെന്നു പറയാതെ വയ്യ.

അരുന്ധതിയുടെ പുസ്തകത്തിൻെറ വിജയം പുറം നാടുകളിൽ കേരളത്തേക്കുറിച്ചുള്ള താല്പര്യം വളർത്തുമെന്നതിനു സംശയമില്ല. ഇതിനോട് ബോധപൂർവ്വം പ്രതികരിക്കുകയാണെങ്കിൽ ഇതു നമ്മുടെ സാഹിത്യത്തിൻെറ പ്രതിച്ഛായക്ക് വലിയൊരു വഴിത്തിരിവായേയ്ക്കാം. തൻെറ പുസ്തകം കൂടുതൽ ആളുകൾ വായിക്കുന്നത് ഒരെഴുത്തുകാരന്, അയാൾ എത്ര "പ്യൂരിട്ടനിസ്റ്റാ"ണെങ്കിലും, ചാരിതാർത്ഥ്യ ജനകമാണല്ലോ.

# ചീട്ടുകൊട്ടാരം

ബാലു

ഉച്ചയുറക്കത്തിൽ കിടന്നപ്പോഴാണ് ഫോൺ ശബ്ദിച്ചത്. എഡിറ്ററിൻേറതായിരുന്നു. "ഹലോ... താളിയോലക്ക് വേണ്ടി ഒരു ലേഖനം തയ്യാറാക്കണമല്ലോ". നട്ടുച്ചക്ക് തന്നെ വേണോ ലേഖനം എന്നായിരുന്നു മനസ്സിൽ. എന്നാലും പുറത്തേക്ക് വന്ന ശബ്ദം shoot എന്നായിരുന്നു.

"ഇക്കഴിഞ്ഞ U.K. ഇലക്ഷനിൽ New Labour Party എന്ന ബാനറിൽ മത്സരിച്ച ടോണി ബ്ളെയർ (Ble-yer എന്ന് ഉച്ചാരണം blade എന്ന പോലെ) ബഹുഭൂരിപക്ഷത്തോടെ ജയിച്ചതായി വാർത്തയുണ്ടായിരുന്നു. ഈ പുതിയ സെൻെററിസ്റ്റ് വേഷം കെട്ടലിന് കേരള രാഷ്ട്രീയത്തിലെ പ്രസക്തി എന്തെന്നറിയാൻ നമ്മളുടെ വായനക്കാർക്ക് താത്പര്യം കാണും. അതിനെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കിയാൽ തെറ്റില്ല" എന്ന് എഡിറ്റർ

"ഓഹോ നമ്മുടെ പ്രബുദ്ധരായ വായനക്കാർക്ക് ലണ്ടനിലെ കാര്യങ്ങൾ അറിഞ്ഞാൽ മതി എന്നാണോഹെ താങ്കളുടെ അഭിപ്രായം. കഴിഞ്ഞ വർഷം പാവം "മാവേലി" കേരളത്തെ രക്ഷപ്പെടുത്താൻ ഇങ്ങനെ ഇടത്തോട്ടും വലത്തോട്ടും ചാഞ്ഞു നിൽക്കുന്ന രണ്ടു പ്രബല സമുദായങ്ങളുടെ സംഗമമേ രക്ഷയുള്ളു എന്ന് പ്രവചിച്ചത് യാതൊരു ദാക്ഷിണ്യവുമില്ലാതെ താളിയോലയിൽ പ്രസിദ്ധീകരിക്കാതെ കീറിയെറിഞ്ഞിട്ട് ഇപ്പോൾ ലണ്ടനിലെ ഇടതുപക്ഷപാർട്ടികളുടെ വലതു ചായ്‌വിനെക്കുറിച്ച് എഴുതാൻ പറയാൻ ഹേ മാന്യദേഹമേ, ദേഹം നശ്വരമാണ് ഇനി കൂടിയാൽ നൂറു വർഷം (ഞാനായിട്ട് ഒട്ടും കുറക്കുന്നില്ല)" എന്നൊക്കെ മനസ്സിൽ തോന്നിയെങ്കിലും "ശ്രമിക്കാം" എന്നായിരുന്നു പുറത്തേക്ക് വന്ന ശബ്ദം.

കേരളത്തെക്കുറിച്ച് എഴുതാൻ ഒരു subject ഇരുന്നും കിടന്നും, തിരിച്ചും മറിച്ചും നോക്കിയിട്ടും കിട്ടാത്ത സമയമായിരുന്നു. (വിഷാദ കാണ്ഡം, അദ്ധ്യാത്മരാമായണം, കിളിപ്പാട്ട് കസ്തൂരി പ്രസ്സ് വില 2 രൂ 25 ന.പ.)

എന്തായാലും Labour Party, New Labour Party ആയാലും, ജപ്പാനിൽ LDP യും Shin Shinto യും ഒരുമിച്ചാലും ക്ളിൻറൺ Democrats ൻെറ യും Republicans ൻെറയും ഇടയിൽ കിടന്ന് വാവലിനെ പോലെ ചിറകിട്ടടിച്ചാലും നടക്കാത്തത്ര വികാരോഷ്മളമായ ഒരു സാമുദായിക മുന്നേറ്റമാണ് നമ്മുടെ നേതാവ് പാപ്പയെകണ്ട് "ഭഗവദ് ഗീത" കൊടുത്തപ്പോൾ ഉണ്ടായതെന്ന് എ.ഡി. 20-ാം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യ സന്ദർശിച്ച ചൈനീസ് സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. സ. ഡെങിൻെറ നിര്യാണത്തിന് ശേഷംപോലും സ. ജങ്ങിന് കഴിയാത്തതാണ് സ്വന്തം ആചാര്യൻെറ "Political retirement" കാലത്തുതന്നെ ഇദ്ദേഹം നടത്തിയത്. ക്രിസ്തു ജനിച്ചപ്പോൾ നക്ഷത്രം നോക്കി തെക്കുനിന്നു വന്ന വിശുദ്ധൻെറ വംശത്തിലാണ് ഈ മഹാൻെറ ജനനം എന്നും പ്രസ്തുത സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

വംശത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ് മേരി റോയിയെയും അരുന്ധതി റോയിയെയും കുറിച്ച് ആലോചിച്ചത്. മേരി റോയിയെ കുറിച്ച് ഞാൻ കൂടുതൽ എന്തെങ്കിലും എഴുതിയാൽ religious sentiments ൻെറ പേര് പറഞ്ഞ് എഡിറ്ററദ്ദേഹം ഈ ലേഖനമോ ഈ paragrah -ഓ വിഴുങ്ങും. രണ്ടാമത്തെ റോയിയുടെ "ചെറിയ കാര്യങ്ങളുടെ ദൈവം" എന്ന പുസ്തകത്തെക്കുറിച്ച് നല്ലതായിട്ട് രണ്ടു വാക്കു പറയണമെന്ന് ഈ ലേഖകന് ആഗ്രഹമുണ്ട്. പക്ഷെ മലയാള സാഹിത്യത്തിലെ മഹാപ്രതിഭകളായ തകഴിയെയും വൈക്കം മുഹമ്മദ് ബഷീറിനെയും കൈകണ്ടില്ലെന്നു നടിച്ച് എ. റോയിയുടെ പുസ്തകത്തിലുള്ള മലയാളിത്തത്തെക്കുറിച്ച് പറയാൻ ലേഖകൻ സൽമാൻ റഷ്ദിയെപ്പോലെ "50 years of Kerala literature" എന്ന പുസ്തകമൊന്നുമല്ലല്ലോ എഴുതുന്നത്.

പക്ഷെ ഒന്നു പറയാം. പുസ്തകത്തിൻെറ പേര് ഈ കാലഘട്ടത്തിന് ചേർന്നതാണ്. നമ്മൾക്കെല്ലാം ഇന്ന് ചെറിയ കാര്യങ്ങളുടെ ദൈവത്തെയേ ആവശ്യമുള്ളൂ. നമ്മളുടെ മാനസികവും ശാരീരികവുമായ കൊച്ചു കൊച്ചു ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഈ നെട്ടോട്ടത്തിനിടയിൽ വലിയ കാര്യങ്ങളെക്കുറിച്ചോർക്കാൻ നമുക്കാർക്കും സമയമില്ല.

ഓർത്താലും ഓർത്തെന്നു ഓർക്കാതെ ജീവിക്കുക. നമുക്ക്- ജപ്പാനിലെ മലയാളികൾക്ക് - ഭക്ഷണവും പ്രത്യുത്പാദനവുമായി ബന്ധപ്പെട്ട കലാരൂപങ്ങളെയും കുറിച്ച് മാത്രം ചിന്തിക്കാം. യെൻ ഡോളറായും പിന്നെ രൂപയായും മാറ്റേണ്ട സാങ്കേതികതകൾക്കിടയിൽ സമയം കിട്ടിയാൽ നമുക്ക് പുതുതായി ഇറങ്ങിയ സിനിമകളെക്കുറിച്ച് ആലോചിക്കാം. അവസരം ഒത്തു കിട്ടിയാൽ നമുക്ക് ആകാശത്തിന് താഴെയുള്ള എന്തിനെക്കുറിച്ചും അഭിപ്രായങ്ങളെ വേഷംകെട്ടിച്ചിറക്കാം. അറിവിന്റെ അഗാധതയിൽ സ്തബ്ധരാകുന്ന ശ്രോതാക്കൾ ഉണ്ടെങ്കിൽ അവരുടെ മൂകതയിൽ ചാലിച്ച് നമുക്കീ "egoism" വളർത്തി വലുതാക്കാം ഇതെല്ലാം നമ്മളുടെ (ലേഖകന്റെയടക്കം) അവകാശങ്ങളാണ്. ചെറിയ കാര്യങ്ങളുടെ ദൈവത്തിന്റെ നീതിക്ക് നിരക്കുന്നവ. ചെറിയ മനുഷ്യരുടെ ഈ ചെറിയ ലോകത്ത് നമുക്കും അങ്ങനെതന്നെ ജീവിക്കാം.

അത് അങ്ങിനെ നിറുത്തിക്കൊണ്ടു തന്നെ നമുക്ക് ചെയ്യാവുന്ന ചിലകാര്യങ്ങളുണ്ട്. അതിലൊന്നിനെക്കുറിച്ചാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. കേരളത്തിന്റെ ഭാവിയെക്കുറിച്ച് ഏതൊരു കേരളീയനും അഭിപ്രായങ്ങളും ആഗ്രഹങ്ങളുമുണ്ട്. പക്ഷെ മാധ്യമങ്ങളുടെ രാഷ്ട്രീയ സാമുദായിക മുൻവിധികൾ കാരണം ഒരു സമഗ്രവും നിഷ്പക്ഷവുമായ അപഗ്രഥനം നമുക്ക് കാണാൻ കഴിയാറില്ല. മറ്റൊന്ന് ഇത്തരം ലേഖനങ്ങൾ അഥവാ പഠനങ്ങൾ നടത്തുന്ന "control population" ന്റെ മുൻവിധികളാണ്. നമുക്കിന്ന് ഇവിടെ ജപ്പാനിൽ വളരെ വൈവിധ്യമാർന്ന ഒരു മലയാളി സമൂഹമുണ്ട്. നമുക്കിന്ന് ശക്തമായ (!!!) ഒരു മാധ്യമവുമുണ്ട്. രാഷ്ട്രീയവും മതവും വിവാദപരമായി എഴുതാത്തിടത്തോളംകാലം എന്തെഴുതിയാലും പ്രസിദ്ധീകരിക്കുന്ന ഒരു മാധ്യമം (ഉദാ: ഈ ലേഖനം തന്നെ). നമുക്ക് നമ്മുടെ ചെറിയ ചെറിയ അറിവുകളെ ഇതിലേക്ക് തുറന്നു വിടാം. ചിലപ്പോൾ റോയിയുടെ ചെറിയ കാര്യങ്ങളുടെ കഥ വലിയ ഒരു പുസ്തകമായതുപോലെ നമ്മളുടെ ചെറിയ ചെറിയ ചിന്തകൾ വലിയ എന്തിന്റെയെങ്കിലും നാന്ദിയായേക്കാം.

അതുകൊണ്ട് നിങ്ങളിൽ ഓരോരുത്തരും ദയവായി കുറച്ച് സമയവും ചിന്തയും ചെലവഴിച്ച് താളിയോലക്ക് എഴുതുക. വിഷയം കേരളത്തിന്റെ ഭാവിയുമായി ബന്ധപ്പെട്ട എന്തുമാകാം. ഉദാഹരണത്തിന് 600 km കടൽ തീരമുള്ള കേരളത്തിന് മത്സ്യ ബന്ധന സംസ്കരണ രംഗത്ത് നല്ലൊരു ഭാവിക്ക് വകയുണ്ട്. ഈ രംഗത്ത് വരുത്തേണ്ട പരിവർത്തനങ്ങളെക്കുറിച്ചാകാം. അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട യന്ത്രങ്ങളുടെ നിർമാണത്തെക്കുറിച്ചാകാം., Banking Insurance രംഗങ്ങളിൽ വരുത്തേണ്ട പരിവർത്തനങ്ങളെക്കുറിച്ചാകാം, കേരളത്തിൽ നിന്നുള്ള മൂലധനച്ചോർച്ചയെക്കുറിച്ചാകാം. ഇതൊന്നുമല്ലെങ്കിൽ കേരളത്തനിമ നഷ്ടപ്പെട്ട് തെലുങ്കിന്റെയും തമിഴിന്റെയും പതിപ്പായിമാറുന്ന മലയാള സിനിമാലോകത്തെക്കുറിച്ചാണെങ്കിലോ, അതുമാകാം.

എന്താണെങ്കിലും എഴുതുക. നമുക്ക് താളിയോലയെ മാറ്റത്തിന്റെ ജിഹ്വയാക്കാം. ചെറിയ മനുഷ്യരുടെ ചെറിയ ചെറിയ കാര്യങ്ങൾ ചേർത്ത് നമുക്കൊരു വലിയ കാര്യം പണിതുയർത്താം. അതൊരു ചീട്ടുകൊട്ടാരമായാൽ പോലും.

---

## കളിയോടം

ഉഷ നമ്പൂതിരി

അമ്പിളി മുത്തേ വാവാ
കണ്ടോ കണ്ടോ കളിയോടം
ഇത്തിരി നേരം തുഴയാനായ്
കൂട്ടുവരാമോ മണിമുത്തേ
അമ്മ പറഞ്ഞൊരു കഥയാണേ
അമ്പിളിമാമന്റെ കഥയാണേ
എന്നോടൊപ്പം വന്നാൽ ഞാൻ
നിന്നോടെല്ലാം പറയാമേ
ഞാനും നീയും തന്നായാൽ
മുഴുവൻ സമയവും കളിയാടാം
കളിയോടത്തിൽ കയറിയിറങ്ങി
തമ്മിൽ തമ്മിൽ കളിയാടാം
അങ്ങിനെയിങ്ങനെ കളിയോടം
മെല്ലെമെല്ലെപോയല്ലോ
അമ്പിളിമാമൻ കൂടെയുണ്ടേ
അമ്മ പറഞ്ഞതു നേരാണേ

# "ഡൈജോബു"

ജോർജ്ജ് മരങ്ങോലി

മാർക്കറ്റിംഗ് വി.പി. (വൈസ് പ്രസിഡന്റ്) ആയി ന്യൂയോർക്കിലെ ഓഫീസിൽ ചാർജ്ജ് എടുത്തിട്ട് ഒരാഴ്ചയേ ആയിട്ടുള്ളു. വെള്ളിയാഴ്ച രാവിലെ കമ്പനി പ്രസിഡന്റ് എന്നെ വിളിച്ചുപറഞ്ഞു, "മിസ്റ്റർ കുളങ്ങൻ, ജപ്പാനിലെ 'നട്ട്' മനുഫാക്ചറിങ് കമ്പനി നമ്മുടെ കമ്പനി ഏറ്റെടുത്തു. താൻ അവിടെവരെ ഒന്നു പോയി ജോലിക്കാരെയെല്ലാം ഒന്നു പരിചയപ്പെട്ട്, ആവശ്യമുള്ള റിക്കാർഡുകളും മറ്റും പരിശോധിച്ച് തിരിച്ചു വരണം." അങ്ങനെയാണ് ശനിയാഴ്ച ടോക്യോയിലേക്ക് വിമാനം കയറിയത്.

ടോക്യോ വിമാനത്താവളത്തിലെത്തുമ്പോൾ ജപ്പാനിലെ മാനേജർ മിസ്റ്റർ നക്കയാമ കാത്തുനില്ക്കാമെന്ന് പറഞ്ഞിരുന്നു. കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞ് ഞാൻ പുറത്തേക്കിറങ്ങി. ബന്ധുമിത്രാദികളെ സ്വീകരിക്കാൻ പുരുഷാരം തടിച്ചുകൂടിനില്ക്കുന്നതിനിടയിലേക്ക് നിലാവത്ത് കോഴിയെ അഴിച്ചുവിട്ടതുപോലെ ഞാൻ വന്നുപെട്ടു. ഈ ജനാവലിയുടെ ഇടക്ക് നക്കയാമയെ കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാവുമെന്ന് മനസ്സിലാക്കാൻ അധികം സമയം വേണ്ടിവന്നില്ല. കോട്ടിന്റെ പോക്കറ്റിൽനിന്ന് നക്കായാമയുടെ കമ്പ്യൂട്ടർ ഫോട്ടോയെടുത്ത് ഒന്നുകൂടി മുഖപരിചയം വരുത്തിയിട്ട് വീണ്ടും പുരുഷാരത്തിന്റെ ഇടയിലേക്ക് നോക്കി. വിമാനയാത്രയുടെ ക്ഷീണവും, സമയ വ്യത്യാസവും കൊണ്ടാണോ എന്നറിയില്ല, അവിടെ കൂടിനിന്നവരെല്ലാം തന്നെ "നക്കയാമ"കളാണെന്ന് തോന്നി! സംശയം തീർക്കാൻ കണ്ണ് അടച്ച്, തുറന്ന് വീണ്ടും നോക്കി. ഒരമ്മ പെറ്റ മക്കളായാൽപോലും ഇത്രയധികം സാദൃശ്യം വരാൻ പ്രയാസം!!

ഇനി എന്തു ചെയ്യുമെന്ന് ചിന്തിച്ച്, വിഷണ്ണനായി, ജനക്കൂട്ടത്തിനിടയിലൂടെ തിക്കിത്തിരക്കി നടന്ന്, ഒരു അരികിൽ മാറിനിന്നു. തൊട്ടടുത്ത്നിന്ന, നക്കയാമയെപ്പോലെ തോന്നിക്കുന്ന ഒരു ജപ്പാൻകാരനോട് ഭവ്യതയിൽ "നിങ്ങൾ നക്കയാമയാണോ?" എന്ന് വെറുതെ ചോദിച്ചുനോക്കി. ടി. വി. ക്വിസ്സിൽ ഉത്തരംപറയുന്നതുപോലെ അയാൾ ചാടിക്കയറി ഒരു അടിഅടിച്ചു, "ഹിരോഷിമ!!"

പാവം, ആറ്റംബോംബ് വീണത് എവിടെയാണെന്നറിയാമോ എന്നോ മറ്റോ ആണ് ഞാൻ ചോദിച്ചത് എന്ന് അയാൾ കരുതിയിട്ടുണ്ടാവും! പിന്നീട് അയാളോട് ഒന്നും ചോദിക്കാൻ എനിക്കു മനസ്സു വന്നില്ല. ഏതായാലും എന്റെ അഭ്യാസമൊന്നും ഇവിടെ നടപ്പില്ല എന്നു തോന്നിത്തുടങ്ങി!

നക്കയാമയെ കണ്ടുപിടിക്കാൻ ഇനി എന്താണൊരു മാർഗ്ഗമെന്ന് ആലോചിച്ച് വീണ്ടും ജനക്കൂട്ടത്തിനിടയിൽ ചുറ്റും പറ്റും നോക്കി. യുദ്ധം തോറ്റ പടയാളി വെള്ളക്കൊടി ഉയർത്തിക്കാണിച്ച് കീഴടങ്ങുന്നതുപോലെ, ഒരു കമ്പിന്റെ അറ്റത്ത് വെച്ചുകെട്ടിയ ഒരു ബോർഡ്, അന്തർവാഹിനിയുടെ ദൂരദർശിനി കണക്കെ, ആൾക്കൂട്ടത്തിനിടയിൽനിന്ന്, മേല്പോട്ട് ഉയരുന്നതു കണ്ടു!

"വെൽക്കം ടു ജപ്പാൻ മിസ്റ്റർ കുളങ്ങൻ" എന്നെഴുതിയ ആ ബോർഡു കണ്ടപ്പോൾ, സിനിമയിലെ കുളിസീൻ സ്വപ്നം കണ്ടാലെന്നപോലെ മനസ്സൊന്നു തണുത്തു. പക്ഷെ ബോർഡു കണ്ടെങ്കിലും നക്കയാമയെക്കാണണ്ടെ? ഏതായാലും രണ്ടും കല്പിച്ച്, ബോർഡിനെ ലക്ഷ്യമാക്കി ജനക്കൂട്ടത്തിനിടയിലേക്ക് ഇടിച്ചു കയറി. അഞ്ചടി ഉയരമുള്ള ഞാൻ പൊക്കം കുറവാണ് എന്ന് കരുതി വിഷമിച്ചിരുന്നത് മിസ്റ്റർ നക്കയാമയെ കണ്ടപ്പോൾ പാടെ മാറി. നക്കയാമക്ക് കഷ്ടിച്ച് ഒരു നാലടിപൊക്കം കാണും. അയാളുടെ കമ്പ്യൂട്ടർ ഫോട്ടോ കണ്ടപ്പോൾ അയാളൊരു "സുമോ" ഗുസ്തിക്കാരനാണെന്നുപോലും ഞാൻ സംശയിക്കാതിരുന്നില്ല! ഏതായാലും കമ്പിന്റെ അറ്റത്തു വെച്ചുകെട്ടിയ ആ ബോർഡില്ലായിരുന്നെങ്കിൽ നക്കയാമയെ കണ്ടുപിടിക്കുകയെന്നത് വൈക്കോലിനകത്ത് മൊട്ടുസൂചി തിരയുന്നതുപോലെ ആയേനെ!

തിങ്കളാഴ്ച രാവിലെ കമ്പനിയിലെത്തി. ജോലിക്കാരെ എല്ലാം ഒന്നു പരിചയപ്പെടുക എന്നതാണ് ആദ്യത്തെ ദൌത്യം. മാനേജരുടെ ഓഫീസിൽ പോയി സ്യൂട്ടും, ടൈയുമൊക്കെ ഒന്ന് അഡ്ജസ്റ്റ് ചെയ്ത് ഞാൻ നിലയുറപ്പിച്ചു. മിസ്റ്റർ നക്കായാമ എന്റെ അടുത്ത് ഒരു കൊച്ചു ശികിടിയെപ്പോലെയും. സർക്കാ

രാശുപത്രിയിൽ ഡോക്ടറെക്കാണാൻ വരുന്നതുപോലെ ഓരോരുത്തരേയും പേരുവിളിച്ച് നക്കായാമ ഓഫീസിലേക്ക് കയറ്റി എന്നെ അവർക്ക് പരിചയപ്പെടുത്തി, "ഔവ്വർ വി. വി. കുരങ്ങൻ സാൻ." പെട്ടെന്ന് ആ പേരു കേട്ടപ്പോൾ പണ്ടെങ്ങോ കേട്ടു മറന്ന ഒരു പേരു പോലെ എനിക്കു തോന്നി. അകത്തേക്ക് കയറിവന്ന ജപ്പാൻകാരൻ ഭവ്യത ഭാവിച്ച് ഒരെടി "ഒൈഹയോ ഗോസായ് മാസു." ഷേക്ക്ഹാൻറു ചെയ്യാമെന്നു കരുതി കൈ നീട്ടിയപ്പോൾ അയാൾ കുനിയാൻ തുടങ്ങി! പെട്ടെന്നാണ് എനിക്ക് ഓർമ്മ വന്നത്, ജപ്പാനിലെ ആതിഥ്യമര്യാദപ്രകാരം ഷേക്ക്ഹാൻഡല്ല, കുനിച്ചിലാണെന്ന്. ഞാനും വിട്ടുകൊടുക്കാൻ പോയില്ല, അയാൾ ഒന്നുകുനിഞ്ഞപ്പോൾ ഞാൻ രണ്ടു പ്രാവശ്യം കുനിഞ്ഞു. കുനിച്ചൽ അങ്ങിനെ തുടർന്നു പോയപ്പോൾ എനിക്ക് പരിസരബോധം വന്നു. പത്തിരുന്നൂറ് ജോലിക്കാരുണ്ട്, ഓരോരുത്തർക്കും വേണ്ടി നാലഞ്ചു തവണവീതം കുനിഞ്ഞാൽ എൻെറ നട്ടെല്ല് ശ്രീരാമൻെറ വില്ലുപോലെ ആയി എന്നു വരും! അതുകൊണ്ട് കുനിച്ചിലിന് ഞാൻ ഒരല്പം മയം വരുത്തി, ഒരാൾക്ക് ഒറ്റ കുനിച്ചിൽ, അതു തന്നെ!

അടുത്തയാൾ പ്രവേശിച്ചു, നക്കയാമ വീണ്ടും "ഔവ്വർ വി. പി. കുരങ്ങൻ സാൻ." പെട്ടെന്നാണ് എനിക്ക് ആ പേര് ഓർമ്മ വന്നത്. പണ്ട് സ്കൂളിൽ പഠിക്കുമ്പോൾ കണക്കിന് മണ്ടനായ എനിക്ക് കൃഷ്ണപിള്ള സാർ ഇട്ടപേരാണ് "കുരങ്ങൻ" എന്ന്!

"എടാ നക്കയാമെ, നീ എന്നെ "കുരങ്ങാ" ന്നു വിളിക്കുന്നോ?" - മനസ്സിലോർത്തതേയുള്ളു ചോദിച്ചില്ല. ഇതിനിടയിൽ വീണ്ടും "ഒഹയോ ഗോസായ്മാസു" കേട്ടു. എല്ലാം കൂടി എനിക്കപ്പാടെ അട്ടർ കൺഫ്യൂഷൻ!! ഒരു പക്ഷെ ഞാൻ അമേരിക്കയിലെ "ഒൈഹയോ" എന്ന സംസ്ഥാനത്തിൽ നിന്ന് വരുന്നതാണെന്നോ മറ്റോ തെറ്റിദ്ധരിച്ചാണ് പാവം ജപ്പാൻകാരൻ "ഒഹയോ ഗോസായ്മസു" എന്ന് പറയുന്നത് എന്ന് ഞാൻ മനസ്സിൽ കുറുതി.

മൂന്നാമത്തെ ആൾ കയറിവന്നപ്പോൾ മിസ്റ്റർ നക്കായാമ വീണ്ടും കാച്ചി, "ഔവ്വർ വി. പി. കുരങ്ങൻ സാൻ!" എനിക്കാകെപ്പാടെ ചൊറിഞ്ഞു കയറി. വന്ന ജപ്പാനിയോട് ബഹുമാനത്തിന് കുറവു വരുത്താതെ, കുനിഞ്ഞു നിന്നുകൊണ്ടു തന്നെ, നക്കായാമയെ അരുകിൽ വിളിച്ച് ചെവിയിൽ പറഞ്ഞു "മൈ നെയിം ഈസ് നോട്ട് കുരങ്ങൻ, ഇറ്റ് ഈസ് കുളങ്ങൻ" അതൊരു വലിയ പ്രശ്നമേഅല്ല എന്നമട്ടിൽ "ഹൈ" (yes) എന്നു മാത്രം നിസ്സാരമായി പറഞ്ഞ് നക്കയാമ എന്നെ നോക്കി ഒരു അവിഞ്ഞ ചിരി പാസ്സാക്കി.

"ഒഹയോ ഗോസായ്മാസു" അടുത്തയാളുടെ അഭിവാദനം കേട്ടപാതി, കേൾക്കാത്ത പാതി, ഞാൻ വെട്ടിത്തുറന്നടിച്ചു. "നോട്ട് ഒഹായോ, ന്യൂയോർക്ക്. ന്യൂയോർക്ക് ഗോസായ് മാസു!" എൻെറ മുന്നിൽ കുനിഞ്ഞു നിന്ന ജപ്പാനിയുടെ കണ്ണുകൾ കൺപോളകളെ വകവെക്കാതെ തള്ളി പുറത്തേക്കു വന്നു, പൊട്ടിയ ടയറിനുള്ളിൽ നിന്ന് ട്യൂബ് വെളിയിലേക്ക് തള്ളിയതുപോലെ! കാര്യം മനസ്സിലാകാതെ ഞാൻ ചുറ്റും നോക്കി. ഒരു ചമ്മലു ചാലിച്ച ചിരിയോടെ മിസ്റ്റർ നക്കയാമ അയാളുടെ ഭാഷയിൽ എന്തൊക്കെയോ പറഞ്ഞു. പിന്നെ കാക്കക്കൂട്ടിൽ കല്ലിട്ടപോലെ "കലപില" എന്ന് ഒരു ആരവം! എനിക്കൊന്നും മനസ്സിലായില്ല. ഏതായാലും ഇനി അധികം മിണ്ടാതിരിക്കുന്നതാണ് ഭംഗിയെന്ന് ഞാൻ സ്വയം തീരുമാനിച്ചു.

അടുത്ത ജോലിക്കാരൻ പ്രവേശിച്ചപ്പോൾ നക്കയാമ യാതൊരു കൂസലുമില്ലാതെ വീണ്ടും തട്ടി "ഔവ്വർ വി. പി. കുരങ്ങൻസാൻ!!" കലികൊണ്ട് ഞാൻ വിറച്ചു. അവൻെറ ഒരു കുരങ്ങൻസാൻ. ഒരു കീറ് വച്ചുകൊടുത്താലോ എന്നോർത്തതാണ്. ഉണ്ടപ്പിക്രികളെല്ലാം കൂടി എന്നെയെടുത്ത് ചളുക്കിയാൽ നാണക്കേട് ആകുമല്ലോ എന്ന് കരുതി കടിച്ചു പിടിച്ചു ഞാൻ ക്ഷമിച്ചു. പണ്ട് അമേരിക്കയിൽ വന്നകാലത്ത് "കുളങ്ങര പുത്തൻവീട്ടിൽ" എന്ന പേര് സായിപ്പിൻെറ നാക്കിൽ ഉടക്കിക്കിടക്കണ്ട എന്ന് കരുതി വെട്ടിച്ചുരുക്കി "കുളങ്ങൻ" എന്നാക്കിയതാണ്. അതിപ്പോൾ വലിയ ഗതികേടായി!

"കുരങ്ങൻ" എന്ന പേരിനോട് ഒട്ടും യോജിക്കാൻ കഴിയാതെ നക്കയാമയോടായിപ്പറഞ്ഞു, "മിസ്റ്റർ നക്കയാമ, മൈ നെയിം ഈസ് കുളങ്ങൻ വിത്ത് ആൻ "എൽ";" കേളൻ കുലുങ്ങിയാലും പാലം കുലുങ്ങില്ല എന്ന മട്ടിൽ ഒരു

ചെറു ചിരിയോടെ നക്കയാമ മൊഴിഞ്ഞു, "ഇൻ ജപ്പാൻ വി ഡോൺട് ഹാവ് എനി "എൽ";" (ജപ്പാനികൾക്ക് ഇംഗ്ളീഷിലെ "എൽ"എന്ന അക്ഷരം ഇല്ല. പകരം "ആർ" ആണ് ഉപയോഗിക്കുന്നത്). "അയ്യോടാ, ഇനി എന്നെയെങ്ങാനും കുരങ്ങാന്നു വിളിച്ചാൽ 'എല്ല്' മാത്രമല്ല 'പല്ല്' കൂടി ഞാൻ ഇല്ലാതാക്കും!" അരിശം മൂത്തപ്പോൾ പറയാൻ വന്നത് അമൃതരസായനംപോലെ അകത്തേക്ക് വിഴുങ്ങി!

ഏതാണ്ട് എല്ലാവരേയും ഒരു വിധം കണ്ടു തീർത്തപ്പോൾ കുനിഞ്ഞ് കുനിഞ്ഞ് എന്റെ നട്ടെല്ല് വാരി കൊടപോലെ വളഞ്ഞുപോയി എന്ന് തോന്നി. നടു വേദനകൊണ്ട് വീർപ്പുമുട്ടിയ ഞാൻ അർശ്ശസ് ഓപ്പറേഷൻ കഴിഞ്ഞവനെ പ്പോലെ കസേരയിൽ കുത്തിയിരുന്നു. നടുവേദന സാരമില്ല എന്ന് വയ്ക്കാമായിരുന്നു, പക്ഷെ നക്കായാമയുടെ "കുരങ്ങൻ" വിളിയാണ് ഒട്ടും സഹിക്കാൻ പറ്റാത്തത്!!

പിറ്റേന്നു ജപ്പാനോട് വിടപറഞ്ഞ് എയർപോർട്ടിലേക്ക് പോകുന്ന വഴി നക്കയാമ ചോദിച്ചു, "കമ്പനിയെങ്ങിനെയുണ്ട്?"

നക്കയാമയെ അങ്ങിനെയങ്ങ് പൊക്കണ്ട എന്നു കരുതി വളരെ 'ക്യാഷ്വൽ' ആയി "ഇറ്റ്സ് ഓക്കെ" എന്ന് തട്ടിവിട്ടു. "ഡൈജൊബു", നക്കായാമ അത് ജപ്പാനീസിലേക്ക് തർജ്ജമ ചെയ്തു. ഏതായാലും ജപ്പാൻവരെ വന്നിട്ട് ഒരു വാക്കെങ്കിലും പഠിച്ചില്ലെങ്കിൽ മോശമല്ലേ എന്നു കരുതി, നാരായണ മന്ത്രം ഉരുവിടുന്നതുപോലെ പറഞ്ഞ്, പറഞ്ഞ് "ഡൈജൊബ്" പഠിച്ചെടുത്തു.

സെക്യൂരിറ്റി ചെക്കിംഗ് കഴിഞ്ഞ് അകത്തേക്ക് കടക്കുമ്പോൾ, നക്കയാമ സിഗരറ്റ് കറപുരണ്ട പല്ലുകൾ മുഴുവൻ വെളിയിലേക്ക് പ്രദർശിപ്പിച്ചുകൊണ്ട് പറഞ്ഞു, "കുരങ്ങൻ സാൻ പ്രീസ് കം എഗൈൻ!"

കയ്യിലിരുന്ന ബ്രീഫ്കേസ് അവിടെ ഇട്ടിട്ട് സെക്യൂരിറ്റി ഗേറ്റ് ചാടിക്കടന്നുവന്ന് അവനിട്ട് ഒരു ചവിട്ടുകൊടുത്താലോ എന്നോർത്തതാണ്. പക്ഷെ പരിസരം പന്തിയല്ലാത്തതുകൊണ്ട് ആ സംരംഭത്തിൽ നിന്നു മനസ്സില്ലാമനസ്സോടെ പിൻവാങ്ങി. എങ്കിലും അരിശം മൂത്ത് ഞാൻ കിലുകിലാ വിറച്ചു!

ഏതായാലും ഇത്രയല്ലേ സംഭവിച്ചുള്ളു. നളിനാക്ഷൻ എന്ന ഫസ്റ്റ് നെയിം വെട്ടിമുറിച്ച് "നളി" എന്നാക്കിയത് സായിപ്പ് "നാളി" എന്ന് വിളിച്ചുകൊണ്ടിരിക്കുന്നത്, നക്കയാമയുടെ കയ്യിൽ കിട്ടിയിരുന്നെങ്കിൽ, 'എൽ' നു പകരം 'ആർ' ചേർത്തു വിളിച്ചാൽ എന്താകുമായിരുന്നു എന്നാലോചിച്ചപ്പോൾ എന്റെ അരിശം അമ്പതു ശതമാനം തണുത്തു!

മുഴുവൻ പേരും നക്കയാമ വിളിച്ചില്ലല്ലോ എന്ന സമാധാനത്തിൽ ഡിപ്പാർച്ചർ ഗേറ്റിലേക്ക് നടക്കുന്നതിനിടയിൽ, തിരിഞ്ഞു നോക്കിക്കൊണ്ട് വിളിച്ചു പറഞ്ഞു, "ഏയ് നക്കയാമ, ഡൈജൊബു!!"

## ഓണത്തപ്പൻ

ഉഷ നമ്പൂതിരി, ത്സുകുബ

ഓണത്തപ്പനെ വരവേൽക്കാനായ്
ചിങ്ങം വന്നു പിറന്നല്ലോ
ഓണക്കോടിയുമോണപ്പൂക്കളും
ഓണാട്ടുകരയിൽ വന്നല്ലോ
ഒരായിരം പേരൊന്നിച്ചങ്ങനെ
ഓണപ്പൂക്കളമിട്ടല്ലോ
ഓണത്തുമ്പികൾ കൂട്ടംകൂടി
ഓണാട്ടുകരയിൽ പറക്കുന്നു.
ഓണച്ചന്തയിൽ നേന്ത്രക്കായും
മത്തൻ പടവലമുണ്ടല്ലോ
മുരിങ്ങക്കോലും വെണ്ടക്കായും
മാങ്ങാ പലതരമുണ്ടല്ലോ
ഓണാട്ടുകരയിൽ പ്രസിദ്ധമായോ-
രോണക്കറിയുമുണ്ടല്ലോ
ചേനത്തണ്ടും ചെറുപയറും
ഓണത്തപ്പനു പ്രിയമേറും
ഓലൻ കറിയും തോരനുമായി
ഓണത്തപ്പൻ വയറു നിറയ്ക്കും
ഓലക്കുടയും വെൺചാമരവും
ഒന്നുംതന്നെ വേണ്ടല്ലോ
പ്രഥമൻ പലതരമായാലും
മടികൂടാതെ കഴിച്ചീടും
ഉണ്ണിക്കുടവയർ തടവി-
ത്തടവി ഓണത്തപ്പൻ പോയീടും
ഇനിയൊരാണ്ടെൻ പാതാളത്തിൽ
സുഖമായ് ഞാനോ വാണീടാം
ചിങ്ങം വന്നു പിറക്കാനായിനി
സുഖമായ് നിദ്രയിൽ വീണീടാം.

# ഒരു ഓർമ്മക്കുറിപ്പ്

പ്രമോദ്

കുന്നിൻ പുറത്തെ പ്രകൃതിദൃശ്യങ്ങൾക്കിടയിൽ ഒരു പഴയ കെട്ടിടത്തിൽ കോളേജ്. അതിനു പുറകിലായി ഹോസ്റ്റൽ. പെട്ടിയും കിടക്കയും തൂക്കി അച്ഛനോടൊപ്പം ആദ്യമായി വീടുവിട്ട് അവിടേയ്ക്ക് കുടിയേറിയപ്പോൾ മനസ്സു നിറയെ സ്വപ്നങ്ങളായിരുന്നു.

ഞാനും അച്ചുതനുമടക്കം, ഞങ്ങൾ നാലുപേരായിരുന്നു ഒരു മുറിയിൽ. ആകെ നാൽപതോളം അന്തേവാസികൾ. വേദപുസ്തകത്തിലെ അക്ഷരങ്ങളിൽ ജീവിതം കണ്ടെത്തിയ വാർഡൻ. ആദിവാസി കോളനിയിൽനിന്നുമുള്ള ആദ്യത്തെ പ്രീഡിഗ്രിക്കാരനായിരുന്നു അച്ചുതൻ. നിസ്സഹായത നിറഞ്ഞ മുഖം - പക്ഷെ അയാളുടെ കണ്ണുകളിൽ അഗ്നിയായിരുന്നു. ആ അഗ്നിയിൽ സ്വപ്നങ്ങൾ പൂത്തു നിന്നിരുന്നോ? മറ്റുള്ളവർക്ക് പുച്ഛമായിരുന്നു അയാളോട്. അവർക്ക് തന്നോടുള്ളസമീപനം അച്ചുതനു നന്നായി അറിയാമായിരുന്നു. അതുകൊണ്ടു തന്നെ ഏകനായിരിക്കാനായിരുന്നു അയാൾക്കു താത്പര്യം. ഒറ്റയ്ക്കിരിക്കുന്ന അച്ചുതന്റെ അടുത്ത് ഞാൻ സംസാരിച്ചു തുടങ്ങി. അയാളുടെ കണ്ണുകളിലെ അഗ്നിയുടെ ചൂടും വെളിച്ചവും എന്നിലേക്ക് പകരാൻ തുടങ്ങി.

അങ്ങകലെ മലയോരത്ത് ചത്തുജീവിക്കുന്ന ഒരു കൂട്ടം മനുഷ്യരുടെ രോദനമായിരുന്നു അയാളുടെ കർണ്ണങ്ങളിൽ. അവരുടെ ചോരയും നീരും ഊറ്റിക്കുടിക്കുന്ന മറ്റുചിലർ. കാമ്പസ്സിൽ അച്ചുതൻ ഒറ്റയാനായിരുന്നെങ്കിലും പുറത്ത് അയാൾക്ക് ഒട്ടേറെ സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ഒരു ദിവസം അച്ചുതനോടൊപ്പം ഞാനും അയാളുടെ സുഹൃത്തുക്കളെ കാണാൻ പോയി.

ഇരുൾ കട്ടപിടിച്ചുതുടങ്ങിയ ഇടവഴികളിലൂടെ അയാളുടെ പിന്നാലെ ഞാൻ നടന്നു. ഞങ്ങളുടെ ഇടയിൽ ഇരുട്ടിന്റെ പടലകൾക്കൊപ്പം മൗനത്തിന്റെ ഒരാവരണവുമുണ്ടായിരുന്നു. ഈറ്റക്കാടുകൾക്കിടയിൽ കത്തിച്ചുവെച്ച പാട്ടവിളക്കിന്റെ വെളിച്ചത്തിൽ നിൽക്കുന്ന കുറെ ഇരുണ്ട രൂപങ്ങൾക്കരികിൽ ഞങ്ങളെത്തിച്ചേർന്നു.

എല്ലാവരും സംശയ ദൃഷ്ടിയോടെയാണ് എന്നെ നോക്കിയിരുന്നത്! ആരുടെയും മുഖം വ്യക്തമായി കാണാനുണ്ടായിരുന്നില്ല. അടക്കിപ്പിടിച്ച സംസാരം മാത്രം. അവർക്കിടയിലെ ഭാഷ സൗഹൃദത്തിന്റേതായിരുന്നില്ല. ഗൗരവം മുറ്റിയ സംഭാഷണങ്ങൾ. കൂട്ടത്തിൽ ഒരാൾ സംസാരിച്ചു തുടങ്ങി. വൈരുദ്ധ്യാത്മകഭൗതികതയുടെ ഭാഷ. ചൂഷണം ചെയ്യപ്പെടുന്നവന്റെ വേദനയേയും, വർഗ്ഗ സമരങ്ങളേയും മാർക്സിനെയും ലെനിനെയും എന്നു വേണ്ട ഒട്ടനവധി കാര്യങ്ങളെക്കുറിച്ച് ആവേശത്തോടെ, അടക്കിപ്പിടിച്ച സ്വരത്തിൽ അയാൾ സംസാരിച്ചു. എല്ലാവരും, എല്ലാം ശ്രദ്ധിച്ചു കേൾക്കുന്നുണ്ടായിരുന്നു. എന്റെ മനസ്സിൽ ഭീതിയുടെ കരിനിഴൽ വീണു തുടങ്ങിയിരുന്നു. തിരിച്ചു പോരുമ്പോൾ അച്ചുതൻ ചോദിച്ചു, “എന്താ! പേടി തോന്നുന്നുണ്ടോ?”

“പട്ടിണിയുടേയും കഷ്ടപ്പാടിന്റേയും അവഗണനയുടേയും വേദന ശരിക്കറിഞ്ഞാൽ മാത്രമേ, നിനക്കെല്ലാം ഇതൊക്കെ മനസ്സിലാവൂ.”

ഞാനൊന്നും മറുപടി പറഞ്ഞില്ല. അന്നു രാത്രി എന്റെ മനസ്സിൽ യുദ്ധമായിരുന്നു. മർദ്ദിതനും, പീഡിതനും എന്നും ദൈവത്തിന്റെ കൂടാരങ്ങൾ തുറന്നിട്ടിരിക്കുന്നു എന്ന, വാർഡനച്ചൻ പറഞ്ഞുതന്ന വേദവാക്യങ്ങളും, മർദ്ദിക്കുന്നവന്റെ കൈ വെട്ടാനും, ഞെരിച്ചമർത്തുന്ന കാലുകൾ തല്ലിയൊടിക്കാനും, നിന്ദിക്കുന്നവന്റെ നാവരിയാനും പറയുന്ന, അനുഭവങ്ങളുടെ തീച്ചൂളയിൽ നിന്നും വളർത്തിയെടുത്ത പുതിയ വചനങ്ങളും തമ്മിൽ. ഒടുവിൽ അറിഞ്ഞോ അറിയാതെയോ, ഞാനും അവരുടെ വിശ്വാസങ്ങളുടെ തടവറയിലേക്കാനയിക്കപ്പെട്ടു.

ഒരു ദിവസം ഞാൻ അച്ചുതന്റെ കൂടെ അയാളുടെ കോളനിയിലേക്കു പോയി. മലകൾക്കിടയിൽ വെള്ളിനൂലുപോലെ തൂങ്ങിക്കിടക്കുന്ന അരുവി. അതിനുചുറ്റും ചെറിയ കുടിലുകൾ. പച്ചയായ കുറെ ജീവിതങ്ങൾ. തികഞ്ഞ നിസ്സംഗതയോടെയുള്ള മുഖഭാവങ്ങൾ..! ഒന്നും നഷ്ടപ്പെടാനില്ലാത്തവർ...! ഒന്നും നേടാനുമില്ല..! ചിതലരിച്ച മനസ്സുകളും, പായൽ

വിടിച്ച ചിന്താകയങ്ങളും..! സ്വപ്നങ്ങളില്ലാത്ത കണ്ണുകൾ...!

അച്ചുതനെ അവർക്കു ഭയമായിരുന്നോ? അതൊ അവനെ അവർ വെറുത്തിരുന്നോ? തോട്ടം മുതലാളിമാരും, അവരുടെ കങ്കാണികളുടെയും വാഴ്ച ഒരു വശത്ത്, മറു വശത്ത് അച്ചുതനും അവന്റെ സുഹൃത്തുക്കളും. ഇവർക്കിടയിൽ വീർപ്പുമുട്ടുകയായിരുന്നോ അവർ..?

"അടിമകളാണു ഞങ്ങൾ... ഭീരുക്കളും" - അച്ചുതന്റെ സ്വരത്തിൽ നിരാശയായിരുന്നു. മണ്ണിനോടു മല്ലടിച്ചു മുരടിക്കുന്ന ബാല്യങ്ങൾ, കുപ്പിവളകൾക്കും, വാസന പൗഡറിനും വിലയായി പിതാക്കൻമാരില്ലാത്ത കുഞ്ഞുങ്ങൾക്കു ജൻമം നൽകി, പിന്നീട് തെരുവിലേക്കു വലിച്ചെറിയപ്പെട്ട് ഒടുവിൽ അപ്രത്യക്ഷമാവുന്ന യൗവനങ്ങൾ.. നഷ്ടമായ ജീവിതത്തെക്കുറിച്ചോർത്തെടുക്കും മുമ്പേ മരിച്ചുപോകുന്ന വാർദ്ധക്യങ്ങൾ...

അസ്വസ്ഥമായ ചിന്തകളുമായാണ് ഞാൻ തിരിച്ചുപോന്നത്. കാമ്പസ്സിലേയും പുറത്തേയും ജീവിത ചിത്രങ്ങളുടെ നിറവ്യത്യാസങ്ങൾ ശരിക്കും ഗ്രഹിക്കും മുമ്പേ ഒരു വർഷം കടന്നു പോയി.

രണ്ടാം വർഷം ഞാൻ അച്ചുതനെ കാണുമ്പോൾ അയാൾ കുറെകൂടി മാറിയിരുന്നു. സ്വരത്തിന്റെ ശക്തിയും ചിന്തയുടെ ആഴവും വർദ്ധിച്ചിരിക്കുന്നതായി തോന്നി.

പാട്ടവിളക്കിന്റെ വെളിച്ചത്തിൽ, പടനീക്കങ്ങൾ നിറഞ്ഞ, തത്വസംഹിതകൾക്കപ്പുറത്ത് പുതിയ പ്രക്രിയകളുടെ വിശ്വാസ പ്രമാണങ്ങൾ തീർക്കപ്പെട്ട, ഈറ്റക്കാടുകൾക്കിടയിലെ ഇരുണ്ട രാവുകൾ, വീണ്ടും ആവർത്തിക്കപ്പെട്ടു.

ഇതിനിടയിൽ എന്റെ ജീവിതം കൈപ്പിടിയിൽ നിന്നും വഴുതിപ്പോകുന്നതുപോലെ തോന്നി. വേദവാക്യങ്ങളും പ്രാർത്ഥനാമുറികളും അന്യമായിത്തുടങ്ങി - കൂടെ പാഠപുസ്തകങ്ങളും.

അങ്ങകലെ ഒരു തീപ്പൊരിമാത്രം കാണാനുണ്ട്. കാതങ്ങൾ സഞ്ചരിച്ച്, ഊതിയൂതി അത് ഒരു തീജ്വാലയാക്കാനുള്ള വ്യഗ്രത - രാത്രി സ്വപ്നങ്ങളിൽ ആ തീജ്വാല ഞാൻ കണ്ടു. അതിനിടയിലൂടെ പൊട്ടി വീഴുന്ന ദന്തഗോപുരങ്ങളും, അതിനടിയിൽ വീണുകിടക്കുന്ന ശിരസ്സറ്റ ശരീരങ്ങളും - ഈ കാഴ്ച എന്നെ ഉൻമത്തനാക്കുന്നുവോ? ചുടു ചോരയുടെ ഗന്ധത്തിനായി നാസാരന്ധ്രങ്ങൾ കൊതിക്കുന്നുവോ? പക്ഷേ എല്ലാ സ്വപ്നങ്ങളുടെയും അന്ത്യം ഭീതിജനകമാകുമായിരുന്നു. ബലിക്കല്ലിൽ ശിരസ്സടുപ്പിച്ച് വെട്ടാൻ ഓങ്ങി നിൽക്കുന്ന വാളുമായി ആരാച്ചാർമാർ. അല്ലെങ്കിൽ അഗാധഗർത്തത്തിലേക്ക് എന്നെ വലിച്ചെറിയാനായി തയ്യാറെടുക്കുന്നവർ. അവർക്കിടയിൽ ദന്തഗോപുരങ്ങളിൽ നിന്നും വന്നവരുണ്ടായിരുന്നോ? അച്ചുതനുണ്ടായിരുന്നോ? അവന്റെ സുഹൃത്തുക്കളുണ്ടായിരുന്നോ? മലമുകളിൽ ഞാൻ കണ്ട മുഖങ്ങളുണ്ടായിരുന്നോ?

സ്വപ്നങ്ങളും സത്യങ്ങളുമായി ദിനങ്ങൾ ചത്തുകൊണ്ടിരിന്നു... ഒരു ദിവസം രാവിലെ പോലീസ് സ്റ്റേഷൻ ആക്രമിക്കപ്പെട്ട വാർത്തകേട്ടാണ് എല്ലാവരും ഉണർന്നത്. ഇൻസ്പെക്റ്ററും രണ്ടു പോലീസുകാരും കൊല്ലപ്പെട്ടിരിക്കുന്നു. തലേന്നത്തെ ഈറ്റക്കാട്ടിലെ കൂടിക്കാഴ്ചയിൽ ഇങ്ങനെയൊരു സംഭവത്തിന്റെ സൂചനയൊന്നും ഇല്ലായിരുന്നു. ഞാൻ അച്ചുതനോടു ചോദിച്ചു. അവനും ഇതെക്കുറിച്ചൊന്നുമറിയില്ലായിരുന്നു. ഇനി എന്ത്? എനിക്ക് ശ്വാസം മുട്ടുന്നതുപോലെ തോന്നി. മനസ്സിൽ ഭയം ചുവടുറപ്പിക്കുന്നുവോ?

എല്ലാവരും സംശയത്തോടെ ഞങ്ങളെ വീക്ഷിക്കുന്നു. ആ കണ്ണുകളിൽനിന്നും രക്ഷപ്പെടാൻ മാർഗ്ഗങ്ങളൊന്നുമില്ല. അച്ചുതൻ തികഞ്ഞ മൗനിയായി കാണപ്പെട്ടു. അവന്റെ കണ്ണുകളിലെ തീനാളങ്ങൾക്കപ്പുറത്ത് ഭയത്തിന്റെ നിഴലുകൾ?

രണ്ടുപേരെ കസ്റ്റഡിയിലെടുത്തിരിക്കുന്നു. പത്രത്തിൽ കണ്ട അവരുടെ മുഖങ്ങൾ ഞാൻ ഓർത്തെടുത്തു. പാട്ടവിളക്കിന്റെ വെളിച്ചത്തിൽ തിളങ്ങിനിന്ന കണ്ണുകൾ. ഹോസ്റ്റൽ വിട്ട് എങ്ങും പോകാതിരിക്കുന്നതാണ് നല്ലതെന്ന് മറ്റുള്ളവർ പറഞ്ഞു. പക്ഷെ ഉച്ച കഴിഞ്ഞപ്പോൾ അച്ചുതനെ കാണാതായി. എന്നോടും ഒന്നും പറഞ്ഞിരുന്നില്ല.

ചിന്തകൾ വെറുതെ അലയുകയാണ്! ഒന്നിലേക്കും അടുപ്പിക്കാൻ കഴിയുന്നില്ല. വേദപുസ്തകങ്ങളിലെ അക്ഷരങ്ങൾക്കായി ഞാൻ മനസ്സിൽ പരതി... പ്രാർത്ഥനാ മുറിയിലെ രൂപങ്ങളെ മനസ്സിലേക്കാവാഹിക്കാൻ

ശ്രമിച്ചു... ഉദ്വേഗവും ഉത്കണ്ഠയുമായി ദിവസങ്ങൾ നീങ്ങാൻ തുടങ്ങി.

അച്ചുതൻ തിരിച്ചുവന്നിട്ടില്ല. കോളനിയിൽ അവൻെറ സുഹൃത്തുക്കൾക്കായി നടത്തിയ നായാട്ടിൻെറ കഥകൾ പത്രങ്ങളിലൂടെ അറിഞ്ഞു. ഒരു ദിവസം ഞാനാകോളനിയിലേക്ക് ചെന്നു. നായാട്ടിൻെറ അവശിഷ്ടങ്ങൾക്കിടയിൽ കണ്ട ദീനതയാർന്ന മുഖങ്ങളിൽ ഈർഷ്യയുടെ അംശം പുരണ്ടിരുന്നു. ഒരു നികൃഷ്ട ജീവിയെന്നപോലെ അവരെന്നെ നോക്കി. അച്ചുതനെക്കുറിച്ച് അവർക്കാർക്കും ഒന്നുമറിയില്ലായിരുന്നു. അയാൾ അവിടെ ചെന്നിരുന്നുപോലും! പക്ഷെ ആരും അടുപ്പിച്ചില്ല. വീണ്ടും ഒരാക്രമണത്തെ നേരിടാനുള്ള ശേഷിയില്ലാത്തതുകൊണ്ട് അവർ അച്ചുതനെ ഉപേക്ഷിച്ചു. അയാളുടെ മാതാപിതാക്കൾപോലും അച്ചുതനെ വെറുത്തു തുടങ്ങിയിരുന്നു.

"പട്ടിണിയാണെങ്കിലും സ്വൈരമുണ്ടായിരുന്നു... അവനും കൂട്ടരും കാരണം അതുമില്ലാതായി.. അവർ തരാൻ പോകുന്ന സ്വർഗ്ഗം ഞങ്ങൾക്കുവേണ്ട." അവരുടെ മനസ്സുകൾ എന്നോട് അങ്ങിനെ പറയുന്നുവോ? "ഭീരുക്കൾ" - അച്ചുതൻ പറഞ്ഞത് ശരിയാണ്. പക്ഷെ... ദിവസങ്ങൾ വീണ്ടും കഴിഞ്ഞു. അച്ചു തൻ വന്നില്ല.

എല്ലാവരും എല്ലാം മറന്നു തുടങ്ങി. അങ്ങകലെ മലമുകളിൽ അവർ ജീവിക്കുന്നു. വീണ്ടും പതിവുപോലെ... ഒന്നും നേടാനില്ലാത്തവർ.. ഒന്നും നഷ്ടപ്പെടാനില്ലാത്തവർ...

എൻെറ മുറിയിൽ അച്ചുതൻ ഉപയോഗിച്ചിരുന്ന കട്ടിലും മേശയും അനാഥമായിത്തന്നെ കിടക്കുന്നു - എൻെറ മനസ്സിൽ ഒരു വിങ്ങലായി. അച്ചുതനെക്കുറിച്ചുള്ള ഓർമ്മകളും., അയാൾക്കു നഷ്ടമായ, മറ്റുള്ളവർക്കുവേണ്ടിയുള്ള അയാളുടെ സ്വപ്നങ്ങളും....

---

നമ്മുടെ മിക്ക തെറ്റിദ്ധാരണകളുടെയും അടിസ്ഥാനവേര് വിശ്വാസമില്ലായ്മയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ വിശ്വാസമില്ലായ്മയുടെ അടിസ്ഥാനമാവട്ടെ ഭയവും.

- ഗാന്ധിജി

## അസംബന്ധം

സമ്പാ: ശ്രീജ, എറണാകുളം.

താനിന്ന താനിന്ന തന്നായേ തനി
താന്നിന്ന തന്നായേ തന്നാന
താനിന്നേ താന്നിന്നേ തന്നായേ തന
താനായേ തന്നിനേ തായായേ
വെള്ളാടത്തു വീട്ടിൽവെളുത്തേടത്തു വീട്ടിൽ
വെള്ളരി പെറ്റത് വെള്ളക്കാരി
കാരിക്കാരി അവൾ വീരക്കാരി അവൾ
തേടിക്കൊണ്ടീരണ്ടു ചീര നട്ടു
കൊച്ചിയിൽ കുഴിച്ചിട്ടു കൊടുങ്ങല്ലൂർ വേരോടി
ഇവിടെ മുളച്ചതു ചെഞ്ചീര
ചെഞ്ചീര പറയ്ക്കാനേ ഞാനവിടെ ചെന്നപ്പം
നിന്നതു നീല വഴുതിനങ്ങ
അയ്യോ! നിന്നതു നീല വഴുതിനങ്ങ (താനിന്ന...)
പറിച്ചപ്പം പാവക്ക അരിഞ്ഞപ്പം കോവക്ക
ചട്ടിയിലിട്ടപ്പം കൊട്ടച്ചക്ക
കൊട്ടച്ചക്ക ചുട്ട് കൊണ്ടന്നു വെച്ചപ്പം
കോരിക്കുടിച്ചതു ചാമകഞ്ഞി
ചാമകഞ്ഞി കുടിച്ചാമോദം പൂണ്ടപ്പോൾ
വായിൽതടഞ്ഞത് കട്ടുറുമ്പ്
കട്ടുറുമ്പൈതട്ടി കൊട്ടയിലിട്ടപ്പം
കൂവി തെളിഞ്ഞതു പൂവൻകോഴി
കൊക്കരക്കോ.... (താനിന്ന...)
പൂവൻകോഴി കൂവി കൊല്ലത്തു ചെന്നപ്പം
കൊല്ലത്തൊരറ്റത്തു മീശ വന്നേ
കൊല്ലത്തൊരറ്റത്തു മീശ വന്നേ പിന്നേ
കായംകുളം കാള പെറ്റടിച്ചേ
കായംകുളം കാള പെറ്റടിച്ചേ പിന്നേ
കണ്ണേറ്റി പാലം വയസ്സറിഞ്ഞേ
കണ്ണേറ്റി പാലം വയസ്സറിഞ്ഞേ പിന്നേ
മൂക്കു ചിരട്ട രണ്ടാടു പെറ്റേ
അപ്പോ! മൂക്കു ചിരട്ട രണ്ടാടുപെറ്റേ (താനിന്ന...)
മൂക്കു ചിരട്ടരണ്ടാടുപെറ്റേ പിന്നെ
കൊതുകിൻെറ മൂക്കിൽ രണ്ടാനപോയേ
കൊതുകിൻെറ മൂക്കിൽ രണ്ടാനപോയേപിന്നെ
ഇടവഴി തിങ്ങി രണ്ടീച്ച ചത്തേ
ഇടവഴി തിങ്ങി രണ്ടീച്ച ചത്തേ പിന്നെ
കടുകു തുളച്ചു ഞാൻ ഉള്ളിൽ പോയേ
കടുകു തുളച്ചു ഞാൻ ഉള്ളിൽ പോയേ
അപ്പം ഭൂലോകം തരികിടെ തത്തിത്തെ
(താനിന്ന....)

# ഒരു യാത്രാ വിവരണം

ദ്രൗപദി നമ്പൂതിരി, ത്സുക്കുബ

ഞങ്ങൾ മെയ് ആദ്യത്തെ ആഴ്ച യോകോഹാമയിൽ പോയി. അന്നൊരു ശനിയാഴ്ച ആയിരുന്നതിനാൽ എനിക്കു വലിയ സന്തോഷമായിരുന്നു. കാരണം യോകോഹാമ വരെ പോയിട്ട് അന്നു തന്നെ തിരിച്ചുവരുന്നത് വളരെ ബുദ്ധിമുട്ടാണെന്ന് ജോയ്സനങ്കിൾ പറഞ്ഞു. ഒരു ദിവസം അവിടെ താമസിച്ചിട്ട് "ലാൻറ് മാർക്കി"ലെല്ലാം പോയിട്ട് തിരിച്ചു വരാമെന്നു പറഞ്ഞു. അതിനാൽ തലേന്നു തന്നെ ഞാനും മോനും പോകാനുള്ള ഉടുപ്പുകളും മറ്റും എടുത്ത് അടുക്കിവെച്ച് എല്ലാം ഭദ്രമാക്കി. ഇനി യൊന്നു നേരം വെളുക്കണം, ജോയ്സനങ്കിളു വരണം, പോകണം. എനിക്ക് അന്ന് ഉറക്കമേ വന്നില്ല എന്നു പറഞ്ഞാൽ അതിശയിക്കി ല്ലല്ലോ. സ്ഥലങ്ങൾ കാണാനും യാത്ര ചെയ്യാനും എനിക്ക് വലിയ ഉത്സാഹമാണ്.

ഞാൻ മറ്റു ചില രാജ്യങ്ങളിൽ പോയിട്ടു ണ്ടെങ്കിലും എനിക്കവയൊന്നും ശരിക്കോർ മ്മയില്ല. ക്യോട്ടോയിലും മെൽബോണിലും താമസിച്ചത് ഏതാണ്ടൊക്കെ ഓർക്കുന്നു എന്ന് പറയാം. നയാഗ്ര വെള്ളച്ചാട്ടവും ഹവായ് തീരങ്ങളും മനസ്സിലൂടെ ഒരു മിന്നി മറയലായി മാത്രമുണ്ട്. Kobe Tower-ൽ പോയത് കഴിഞ്ഞ വർഷമായതിനാൽ നല്ലപോലെ ഓർക്കുന്നു. ഇനി ഇപ്പോഴത്തെ യാത്രയെ പറ്റി ഞാൻ എഴുതട്ടെ.

ശനിയാഴ്ച നേരം വെളുത്തയുടനെ ചാടിയെഴുന്നേറ്റ് കുളിയും മറ്റും കഴിഞ്ഞ് ഒരുങ്ങി നിന്നു. 9:30 ആയിട്ടും ജോയ്സനങ്കി ളിനെക്കാണാത്തതിനാൽ അമ്മ ഫോൺ ചെയ്തപ്പോൾ അങ്കിൾ ഒരു മണിക്കൂറിനകം എത്തുമെന്ന് പറഞ്ഞു. അങ്കിൾ ഇത്രയും താമസിക്കുന്നതിൽ വിഷമമുണ്ടായിരുന്നെങ്കി ലും ഞാനും മോനും അക്ഷമരായി കാത്തിരു ന്നു. അങ്കിൾ വന്നതിനുശേഷം ഞങ്ങളെ ല്ലാവരുംകൂടി ആഹാരമൊക്കെ കഴിച്ച് യാത്ര യായി. കാറിൽ കുറെ ദൂരം യാത്ര ചെയ്ത പ്പോൾ തനിയെ ഉറക്കം വന്നു. കുറെ സമയം ഉറങ്ങാതെ നോക്കി. മോൻ അപ്പോഴേയ്ക്കും നല്ല ഉറക്കമായിരുന്നു. ഇടയ്ക്ക് ഞാനും കുറച്ച് ഉറങ്ങി.

ഉറക്കമുണർന്ന ഞങ്ങൾ പുറത്തെ കാഴ്ചകൾ കണ്ടുകൊണ്ടിരുന്നു. അതാ ഒരു "കൂളിംഗ് ഗ്ളാസ്" വിൽക്കുന്ന കട. ഞങ്ങൾ ക്കു കണ്ണട വേണമെന്നു പറഞ്ഞപ്പോൾ അങ്കിളു കാറു നിർത്തി. അച്ഛനും അമ്മയും ഞങ്ങളുംകൂടിപോയി കണ്ണട വാങ്ങി. കണ്ണടയും വെച്ച് ഞങ്ങൾ യാത്ര തുടർന്നു.

ഏകദേശം അഞ്ചുമണിയോടുകൂടി ഞങ്ങൾ യോകോഹാമയിൽ എത്തി. അവിടെ വേറെ അങ്കിളുമാരും ആൻറിമാരും കുട്ടികളും മറ്റും ഉണ്ടായിരുന്നതിനാൽ നല്ല രസമായിരുന്നു. എല്ലാവരും കൂടി ചീട്ടു കളിച്ചും സിനിമ കണ്ടും സമയം പോയതറിഞ്ഞില്ല.

പിറ്റെ ദിവസം ഞങ്ങൾ എല്ലാവരും കൂടി "ലാൻറ് മാർക്ക് ടവർ" കാണാൻ പോയി. എല്ലാവർക്കും കയറാൻ കാറിൽ സൗകര്യമില്ലാ ത്തതിനാൽ കുറച്ചുപേർ ട്രെയിനിൽ പോയി. "ടവറി"ൻെറയടുത്ത് എല്ലാവരും ഒത്തുകൂടി.

സാധാരണയായി എവിടെ പോയാലും ടവറുണ്ടെങ്കിൽ കയറുക എനിക്കിഷ്ടമാണ്. അച്ഛൻ എന്നെ "സിഡ്നി ടവറി"ലും "ടോക്യോ ടവറി"ലും മറ്റും കയറ്റിയിട്ടുള്ളതാ ണെങ്കിലും "ലാൻറ് മാർക്ക് ടവർ" കണ്ടപ്പോൾ അതിലും കയറാൻ എനിക്കുത്സാഹമായി. അങ്ങിനെ ഇതിൻെറ 69-ാം നിലയിൽ കയറി ഞങ്ങൾ സ്ഥലങ്ങൾ കണ്ടു. താഴെ കപ്പലു കളും കൊച്ചു കൊച്ചു ബോട്ടുകളും ട്രെയിനു കളും മറ്റും പോകുന്നതു കണ്ടു രസിച്ചു. Land Mark Tower-ൽ പോയതിൻെറ ഓർമ്മക്കായി ഞങ്ങൾ ധാരാളം ഫോട്ടോകളെടുത്തതു കൂടാതെ ഒരു കപ്പിൽ Land Mark Tower-ൽ ഞങ്ങളിരിക്കുന്ന ഒരു ഫോട്ടോയെടുത്തു. ഞാൻ ആ കപ്പ് സൂക്ഷിച്ചുവെച്ചിട്ടുണ്ട്. പിന്നെ താഴെ വന്ന് മറ്റ് അങ്കിളുമാരും ആൻറിമാരും അവരവരുടെ വീടുകളിലേയ്ക്ക് യാത്രയായി.

പിറ്റേ ദിവസം തിങ്കളാഴ്ച ആയതിനാൽ അച്ഛനും അങ്കിളിനും ജോലിക്കു പോകണ മായിരുന്നു. അതിനാൽ രാത്രിയിൽ തന്നെ ഞങ്ങളും തിരിച്ചു പോന്നു. വെളുപ്പിനെ നാലു മണിയായപ്പോൾ ഞങ്ങൾ ത്സുക്കുബയിൽ എത്തി. രാത്രിയിൽ ഉറങ്ങാതെ വണ്ടിയോടിച്ചു സുരക്ഷിതമായി ഞങ്ങളെ തിരികെ കൊണ്ടു വന്നതിന് ജോയ്സനങ്കിളിന് പ്രത്യേകം നന്ദി.

## കേരളം - 1997

(കേരള കൗമുദിയോട് കടപ്പാട്)

### കെ. ആർ. നാരായണൻ

ഇന്ത്യൻ സ്വാതന്ത്ര്യത്തിൻെറ 50-ാം വാർഷികത്തിന് ഭാരതത്തിന് കേരളത്തിൻെറ സംഭാവനയാണ് കെ. ആർ. നാരായണൻ. ഇന്ത്യൻ റിപ്പബ്ളിക്കിൻെറ നായകനായി കേച്ചേരിൽ രാമൻ നാരായണൻ സാക്ഷരതയുടെ ഹൃദയഭൂമിയിൽ നിന്നും ഇന്ദ്രപ്രസ്ഥത്തിലേയ്ക്ക് നയിക്കപ്പെട്ടപ്പോൾ മലയാളത്തിൻെറ സാന്നിദ്ധ്യം മാത്രമല്ല വിളിച്ചറിയിച്ചത് ഗാന്ധിജിയുടെ സ്വപ്നങ്ങൾക്ക് ഹരിതവർണ്ണം പകരുകകൂടിയായിരുന്നു.

### അരുന്ധതി റോയി & മഞ്ജുളാ പദ്മനാഭൻ

ഇക്കൊല്ലം അരുന്ധതി റോയി, മഞ്ജുളാ പദ്മനാഭൻ എന്നീ രണ്ടു മലയാളി സ്ത്രീകൾ ഒരു നോവലിൻെറയും ഒരു നാടകത്തിൻെറയും പേരിൽ ലോക ശ്രദ്ധ പിടിച്ചുപറ്റിയപ്പോൾ ലോകത്താകമാനം കേരളത്തിൻെറ സാന്നിദ്ധ്യം വിളിച്ചറിയിക്കുകയായിരുന്നു. ചെറിയ കാര്യങ്ങളുടെ ദൈവം (God of small things) എന്ന തൻെറ ആദ്യ നോവലിലൂടെ അരുന്ധതി 'ബുക്കർ പ്രൈസ്' നേടിയപ്പോൾ 'ദി ഹാർവെസ്റ്റ്' എന്ന കൃതിയിലൂടെ നാടക രചനക്കുള്ള ഒനാസ്സിസ് അന്തർദ്ദേശീയ പുരസ്കാരത്തിന് മഞ്ജുള അർഹയായി.

### ജുഡിഷ്യറി

ജനങ്ങൾക്ക് എന്നും ഭീതിയുളവാക്കിയിരുന്ന 'ബന്തും വഴിതടയലും' കോടതിയിടപെട്ട് നിറുത്തലാക്കി. അതുപോലെ കലാലയത്തിലെത്തുന്ന പുതുവർഷക്കാരെ സീനിയർ വിദ്യാർത്ഥികൾ സ്വാഗതം ചെയ്യുന്നരീതി ക്രൂരമായിത്തുടങ്ങിയതിൻെറ പേരിൽ 'റാഗിംഗ്' എന്ന ഏർപ്പാടും നിറുത്തലാക്കി.

### മലയാള സിനിമ

മലയാള ചലച്ചിത്ര വേദിക്ക് കനത്ത ആഘാതം സൃഷ്ടിച്ചുകൊണ്ട് കരുത്തരായ മൂന്നുപേർ നമ്മോട് വിടപറഞ്ഞത് മലയാള സിനിമക്ക്ക്കുണ്ടായ വലിയ നഷ്ടം തന്നെയാണ്. മലയാള സിനിമാചരിത്രത്തിൻെറ ഭാഗമായിമാറിയ തിക്കുറുശ്ശി സുകുമാരൻ നായരും നിഷേധിയും തൻേറടിയുമായി മലയാള സിനിമയിൽ നായകനായും വില്ലനായും വിലസിയ സുകുമാരനും കാൽ നൂറ്റാണ്ടുകാലം മലയാള സിനിമയിൽ തൻെറ സജീവസാന്നിദ്ധ്യം പ്രകടിപ്പിച്ച സോമനും, സഹനടിയായി ഒട്ടേറെ ചിത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട മീനയും നമുക്കിന്നൊരോർമ്മ മാത്രമായി....

### ദുരന്തം

തൃശൂർ റെയിൽവെ സ്റ്റേഷനിൽ ട്രെയിനിലുള്ളിലെ ബോംബ് സ്ഫോടനത്തിൽ നാലുപേർ കൊല്ലപ്പെട്ടു. കേരളത്തിൽ ആദ്യമായിട്ടാണ് ഇത്തരമൊരു സംഭവം നടന്നത്

**ഈ ലക്കം സ്പോൺസർ ചെയ്ത ശ്രീ. ബാബുരാജിന് നന്ദി**

**Edited by:**
Sankaranarayanan
202 Nishi Tsunashima Green Heights
6-9-1 Tsunashima Nishi
Yokohama - 223, Japan
Tel: 045 546 9893
E-Mail: sanx@yha.att.ne.jp

**Published by:**
Suresh Lal
201 Sachigaoka Daikan Plaza Sportsment
148-4 Sachigaoka, Asahi - Ku
Yokohama - 241, Japan
Tel: 045 364 7178 Fax: 045 366 4168
E-Mail: lal@gol.com